**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.124**

15.06.2012 ൽ **മറുപടിയ്ക്ക്**

# ബി.പി.എൽ പട്ടിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, എസ്. ശർമ്മ<br>,, കെ. വി. അബ്ദുൾ ഖാദർ<br>,, സി. കൃഷ്ണൻ | ശ്രീ. **കെ.സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** |
| **എ.** സംസ്ഥാനത്ത് ഏതുവർഷം പ്രസിദ്ധീകരിക്കപ്പെട്ട ബി.പി.എൽ പട്ടികയാണ് നിലവിലുള്ളത് ; | **എ.** 2011 ഫെബ്രുവരി മാസത്തിലാണ് ബി.പി.എൽ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. |
| **ബി.** ഈ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സർവ്വേ നടത്തിയത് ഏതു വർഷമാണ് ; | **ബി.** 2009 ഏപ്രിൽ-ജൂൺ മാസങ്ങളിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. |
| **സി.** ഈ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പുതുതായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; | **സി.** ഉണ്ട്. |
| ഡി. ഈ അപേക്ഷകളും പട്ടികയിന്മേലുള്ള പരാതികളും പരിശോധിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവോ ;<br>പരിശോധനാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | ഡി. ആരംഭിച്ചു. ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ തന്നെയാണ് പരാതികൾ പുനഃപരിശോധിക്കുവാനും സ്വീകരിക്കുന്നത്.<br>പ്രസ്തുത പരാതികൾ/ആക്ഷേപങ്ങൾ അദ്ധ്യാപകരെ ഉപയോഗിച്ച് പുനഃപരിശോധിക്കുവാൻ ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായെങ്കിലും മേൽ തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞില്ല. തുടർന്ന് 21.12.2011ലെ സ.ഉ(സാധാ) നം.3050/2011/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം ടി പരാതികൾ/ ആക്ഷേപങ്ങൾ അന്വേഷിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് സാമൂഹിക സാമ്പത്തിക ജാതി സെൻസസ്സ് എന്യൂമറേറ്റർമാരെ |

ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലഭിച്ച പരാതികളിൽ 40% ത്തോളം വാർഡ് നമ്പരും വീട് നമ്പരും ഇല്ലാത്തതായതിനാൽ ഇത്തരം പരാതികൾ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എന്യൂമറേറ്റർമാരെക്കൊണ്ട് പുനഃപരിശോധിക്കുന്നത് സാമൂഹിക ജാതി സെൻസസ് [illegible]ളെ വൈകുവാൻ ഇടയാക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ 2009 ബി.പി.എൽ ലിസ്റ്റിൻമേൽ ലഭിച്ച പരാതികൾ എസ്.ഇ.സി.സി എന്യൂമറേറ്റർമാരെ ഉപയോഗിച്ച് ഇപ്പോൾ പരിശോധിക്കേണ്ടതില്ലെന്നും ഇക്കാര്യം എസ്.ഇ.സി.സി എന്യൂമറേഷനു ശേഷം അന്വേഷിക്കാവുന്നതാണെന്നും 27.04.2012 ലെ സ.ഉ. (സാധാ) നം.1205/2011/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നടപടി ഉടനെ ആരംഭിക്കുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ